# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

15.12.2015 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3110

### വിലക്കയറ്റനിയന്ത്രണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. അജിത് | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള വിപണി ഇടപെടൽ എത്രത്തോളം വിജയിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) വിപണിയിലുണ്ടാകുന്ന വിലവർദ്ധന പിടിച്ചു നിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഇതിലേക്കായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>(1). നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിറ്റുവരുന്നു.<br>2). അരിയും, പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു.<br>3). യഥാർത്ഥ ഉപഭോക്താവിന് സബ്സിഡി സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി സബ്സിഡി സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്യുന്നു.<br>4). കൂടാതെ പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ അനുവദനീയമായ അളവിൽ ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി സൂപ്പർ മാർക്കറ്റ് തലത്തിലും ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്.<br>5). ഗോതമ്പു പൊടിയുടെ വില വർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.<br>6). പൊതുവിപണിയിലേതിനേക്കാൾ 20% മുതൽ 30% വരെ വിലക്കുറവിൽ തേയില, കാപ്പിപൊടി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി, മഞ്ഞൾപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തി വരുന്നു. |

7). ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് സ്റ്റോക്ക് എത്തിച്ച് വിലവർദ്ധന ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടി കളെടുത്തുവരുന്നുണ്ട്.

(ബി) ക്രിസ്തുമസ് കാലത്തെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നും ഇതിനായി സപ്ലൈകോയ്ക്ക് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ വർഷങ്ങളിലെ പോലെതന്നെ ഈ വർഷവും ക്രിസ്തുമസ് പുതുവത്സര ഉത്സവക്കാലത്ത് വിപണിയിൽ സജീവമായി ഇടപെട്ട് പൊതുജനങ്ങൾക്ക് ക്രിസ്തുമസ്സിന് ആവശ്യമായ ഉൽപ്പന്നങ്ങൾ ഉൾപ്പെടെ എല്ലാ അവശ്യവസ്തുക്കളും ന്യായ വിലയ്ക്ക് കേരളത്തിലുടനീളം സപ്ലൈകോ വിൽപ്പനശാലകൾ വഴി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. ഈ വർഷം തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിൽ ആരംഭിച്ച 4 മെട്രോ ഫെയറുകൾക്കു പുറമെ 14.12.2015 -ാം തീയതി മുതൽ 24.12.2015 -ാം തീയതി വരെ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ, ഹൈപ്പർ മാർക്കറ്റുകൾ എന്നിവയോടനുബന്ധിച്ച് 424 ക്രിസ്തുമസ് മാർക്കറ്റുകൾ പ്രവർത്തിക്കുന്നതാണ്.
ഈ സാമ്പത്തിക വർഷം വിപണി ഇടപെടലിനായി ബജറ്റ് വിഹിതമായി അനുവദിച്ച 65 കോടി രൂപയിൽ 64 കോടി രൂപയും സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. ഇതു കൂടാതെ 35 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സി) സപ്ലൈകോ വഴി സബ്സിഡി നിരക്കിൽ ഏതൊക്കെ ഉൽപ്പന്നങ്ങൾ എത്ര അളവു വീതമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

(സി) സപ്ലൈകോ വഴി സബ്സിഡി നിരക്കിൽ നൽകുന്ന ഉൽപ്പന്നങ്ങളുടെ അളവു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

Beena

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | ഇനം | നിലവിൽ കാർഡ് ഒന്നിന് പ്രതിമാസം നൽകുന്ന അളവ് |
|---|---|---|
| 1 | ചെറുപയർ | 1 കിലോ ഗ്രാം |
| 2 | ഉഴുന്ന് ബോൾ | 1 കിലോ ഗ്രാം |
| 3 | വൻകടല | 1 കിലോ ഗ്രാം |
| 4 | വൻപയർ | 1 കിലോ ഗ്രാം |
| 5 | തുവരപരിപ്പ് | 1 കിലോ ഗ്രാം |
| 6 | മുളക് | 500 ഗ്രാം |
| 7 | മല്ലി | 500 ഗ്രാം |
| 8 | പഞ്ചസാര | 1 കിലോ ഗ്രാം |
| 9 | പച്ചരി | രണ്ടാഴ്ചയിലൊരിക്കൽ 5 കിലോ ഗ്രാം |
| 10 | കുറുവ അരി | |
| 11 | മട്ട അരി | |
| 12 | ജയ അരി | |
| 13 | വെളിച്ചെണ്ണ | 1 ലിറ്റർ |

Beena

സെക്ഷൻ ഓഫീസർ